**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 557** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഇന്നവേഷൻ ഗ്രാന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ഇന്നവേഷൻ ഗ്രാന്റ് പദ്ധതി പ്രകാരം കേരള സ്റ്റാർട്ടപ്പ് മിഷൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | ഇന്നവേഷൻ ഗ്രാന്റ് പദ്ധതി പ്രകാരം കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാർട്ടപ്പുകൾക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നല്കി വരുന്നു: ഐഡിയ ഗ്രാന്റ് - മികച്ചതും സാമൂഹിക പ്രതിബദ്ധതയുള്ളതുമായ നൂതന ആശയങ്ങൾ വികസിപ്പിച്ച്, വിപണിയിൽ നിലനിൽക്കുന്ന ഉൽപ്പന്നമായി മാറ്റുന്നതിന് വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും രണ്ട് ലക്ഷം രൂപവരെ ധനസഹായമാണ് അനുവദിക്കുന്നത്. പ്രോഡക്ടൈസേഷൻ ഗ്രാന്റ് – വിപണിയിൽ നിലനിൽക്കുന്ന ഉൽപ്പന്നങ്ങളെ വിജയകരമായി വിപണിയിലെത്തിക്കുന്നതിനും ആദ്യകാല വരുമാനം ലഭ്യമാക്കുന്നതിനും സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനായി ഐഡിയ ഗ്രാന്റ് ഉൾപ്പെടെ 7 ലക്ഷം രൂപ വരെ ധനസഹായമാണ് അനുവദിക്കുന്നത്. സ്കെയിലപ് ഗ്രാന്റ് - ആദ്യകാല വരുമാനം ലഭിച്ചു തുടങ്ങിയ ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തി മികച്ച കമ്പനിയായി മാറ്റുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ് ഉൾപ്പെടെ 12 ലക്ഷം രൂപ വരെ ധനസഹായമാണ് അനുവദിക്കുന്നത്. |
| (ബി) | ഇന്നവേഷൻ ഗ്രാന്റ് പദ്ധതിയുടെ ഭാഗമായി സ്റ്റാർട്ടപ്പുകൾക്ക് ധനസഹായത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇന്നവേഷൻ ഗ്രാന്റ് പദ്ധതിയുടെ ഭാഗമായി ഒരു സ്റ്റാർട്ടപ്പിന് ലഭിക്കാവുന്ന പരമാവധി തുക 12 ലക്ഷം രൂപയാണ്. |
| (സി) | നൂതന ആശയങ്ങളെ മികച്ച സംരംഭങ്ങളാക്കി മാറ്റുന്നതിന് സംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കും വേണ്ടി പുതിയ പദ്ധതികൾ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | സെബി അംഗീകാരമുള്ള ഫണ്ടുകളിൽ നിശ്ചിത തുക നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിലധികം തുക കേരളമടിസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കുന്ന കേരള സ്പെസഫിക് ഏഞ്ചൽ ഫണ്ട് (ഫണ്ട് ഓഫ് ഫണ്ട്) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ മൂലധനം ലഭിക്കുന്നതിനുള്ള അവസരമുണ്ടാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ